(സി) മിനിമം പത്ത് തറികളെങ്കിലും പ്രവർത്തിപ്പിക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഫ്ലാഗ് ഷിപ്പ് പദ്ധതി പ്രകാരം സ്കീം ഉണ്ട്. വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ്, ഇ.എസ്.ഐ./ഇ.പി.എഫ് കുടിശ്ശിക അടയ്ക്കുന്നതിനുള്ള സഹായം, ഉൽപ്പന്ന വൈവിധ്യവത്ക്കരണം എന്നിവയാണ് പദ്ധതികൾ.

(ഡി) ഉണ്ട്. പൂട്ടിക്കിടക്കുന്ന സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ലെങ്കിൽ അങ്ങനെയുള്ള സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യാൻ നടപടിയെടുത്തിട്ടുണ്ട്.

(ഇ) ഈ വിഷയത്തിൻമേൽ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പൂതക്കോട് നെയ്ത്ത് സഹകരണ സംഘം തുറന്ന് പ്രവർത്തിക്കുന്നതിനായി നെയ്ത്ത് ജോലി ചെയ്യുവാൻ തയ്യാറുള്ള ആളുകളുടെ ഒരു യോഗം വിളിച്ചു കൂട്ടുന്നതിന് സംഘം ഭരണസമിതിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ നെയ്ത്ത് ജോലിയിൽ ഏർപ്പെടുവാൻ തയ്യാറുള്ള ആളുകളില്ലെന്ന് സംഘം അറിയിച്ചതിനെത്തുടർന്ന് മീറ്റിംഗ് നടത്തുവാൻ കഴിഞ്ഞിട്ടില്ല.

(ജി) പൂതക്കോട് സംഘത്തിന്റെ ആസ്തി ബാധ്യതകൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

## ഇ-ലേണിംഗ് കോഴ്സുകൾ

197(2399) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മിഷന്റെ നേതൃത്വത്തിൽ ഇ-ലേണിംഗ് കോഴ്സുകൾ നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത കോഴ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഇ -ഗവേണൻസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്?

ഉത്തരം

(എ) വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് അറിവ് പകർന്നു നൽകുന്നതിനും വകുപ്പുകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സഹായിക്കുന്നതിനുമായി സംസ്ഥാന ഐ.ടി. മിഷൻ വികസിപ്പിച്ചെടുത്ത പോർട്ടൽ ആണ് ഇ-ലേണിംഗ് കേരള. വിവിധ വിഷയങ്ങളിൽ അവബോധം വളർത്തുവാൻ ഓൺലൈൻ ആയി പഠിക്കാനുള്ള സൗകര്യം ഇതിലുണ്ട്. ഇ-സംഭരണം (ഇ-പ്രൊക്യൂർമെന്റ്), ഇൻഫർമേഷൻ സെക്യൂരിറ്റി എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പാഠഭാഗങ്ങൾ ഈ പോർട്ടലിൽ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകുന്നതിലേക്കും, ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനും വേണ്ടി അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-പ്രൊക്യൂർമെന്റ് പദ്ധതി നിർബന്ധമാക്കിയതുവഴി മുഴുവൻ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ബോർഡുകളും ഇ-ഗവേണൻസ് പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട്.

**ഇ-ഫയൽ സമ്പ്രദായം**

198(2400) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുജനങ്ങൾക്കും അപേക്ഷകർക്കും ഇ-ഫയൽ വഴിയുള്ള ഫയൽ നീക്കം അറിയാൻ കഴിയുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 27 വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. റവന്യൂ വകുപ്പിന് കീഴിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പൊതുജനങ്ങൾക്ക് ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റർഫേസ്, ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http://eoffice.kerla.gov.in എന്ന യു.ആർ.എൽ. മുഖാന്തരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഇത് ലഭ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly